**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6633</u>** **<u>11-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>യൂണിവേഴ്സിറ്റി ഭൂമി മറ്റാവശ്യങ്ങൾക്ക് വിട്ടുകൊടുക്കാൻ പാടില്ലെന്ന സെനറ്റ് നിർദ്ദേശം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. പി. ടി. തോമസ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം ക്യാമ്പസിൽ ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സ്വന്തമായി മന്ദിരം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുകൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിൽ വൈസ് ചാൻസലർ അസന്തുഷ്ടി പ്രകടിപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ; | (എ) | സംഘത്തിന് സ്ഥലം വിട്ട് നൽകുവാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | നിലവിൽ സർവകലാശാലയിലെ ജീവനക്കാരുടെ സൊസൈറ്റികൾ സർവകലാശാലയുടെ വക കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്; പ്രസ്തുത കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വാടകയും കറണ്ട് ചാർജ്ജും ആരാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അതെ; സർവ്വകലാശാലയിലെ ജീവനക്കാരുടെ സൊസൈറ്റികളിൽ നിന്ന് വാടക ഈടാക്കുന്നില്ല. സൊസൈറ്റികൾ തന്നെയാണ് അവരവരുടെ വൈദ്യുതി ചാർജ്ജുകൾ സർവ്വകലാശാലയ്ക്ക് അടവാക്കുന്നത്. |
| (സി) | യൂണിവേഴ്സിറ്റി ഭൂമി ഇത്തരത്തിലുള്ള ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കാൻ പാടില്ലെന്ന സെനറ്റിന്റെ നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | 2016 ജൂലൈയിൽ കൂടിയ സെനറ്റിന്റെ നിർദ്ദേശ പ്രകാരം സർവ്വകലാശാല ഭൂമി വിട്ടുനൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ